# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T.2265 — 18-03-2015-ൽ മറുപടിക്ക്

## യുവജന സംരംഭകത്വ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നവരത്ന പദ്ധതിയിൽ ആരംഭിച്ച യുവജന സംരംഭകത്വ പരിപാടിയുടെ ഭാഗമായി എന്തെല്ലാമാണ് നടന്നതെന്ന് വിശദമാക്കുമോ ; | (എ) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചത്. യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക, യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക, കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക, സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നീ കാര്യങ്ങൾ കൂടി ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിച്ചത്.<br><br>കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ച യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത വിദ്യാർത്ഥി / യുവസംരംഭകർക്ക് സംരംഭകത്വം തുടങ്ങുന്നതിന് അത്യന്താപേക്ഷിതമായ സ്ഥലസൗകര്യം (ഇൻക്യുബേറ്റർ), ധനസഹായം, മെന്ററിംഗ് |

തുടങ്ങിയ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി. വാഗ്ദാനം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കാക്കനാട് ഇൻഫോപാർക്ക് കാമ്പസിൽ കെ.എസ്.ഐ.ഡി.സി.യുടെ ഇൻകുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. വിദ്യാലയങ്ങളിലും കോളേജുകളിലും നേരിട്ടെത്തി യുവസഭരംഭകർക്കാവശ്യമായ മെന്ററിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സീഡ് ക്യാപിറ്റൽ സ്കീമും നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് ഉടനീളമുള്ള കോളേജുകളിൽ ഇൻകുബേഷൻ സെന്ററുകളും, സ്കിൽ ഡവലപ്മെന്റ് സെന്ററും തുടങ്ങുന്നിനുള്ള നടപടികളും പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഇനത്തിൽ എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ; | (ബി) | പ്രസ്തുത സംഗമത്തിന്റെ നടത്തിപ്പിനായി വിവിധ ഇനങ്ങളിലായി 1.70 കോടി രൂപ ചെലവഴിച്ചു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര യുവജന സംരംഭങ്ങൾ സസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും ധനസഹായമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) | കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ച യുവ സംരംഭക സംഗമത്തിന്റെ ഭാഗമായി വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി എകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.യിൽ ലഭിച്ചത്. ഇവയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാലു നൂതന ആശയങ്ങൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി.<br><br>സ്റ്റാർട്ട് അപ്പ് വില്ലേജും, ടെക്നോപാർക്ക് റ്റി.ബി.ഐ.ലും സംസ്ഥാനത്തുടനീളമുള്ള മറ്റ് ഇൻകുബേഷൻ സെന്ററുകളിലുമായി ആയിരത്തോളം യുവസംരംഭകർ സംരംഭകത്വം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ